I/5388254/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

നം.വ്യവ.എച്ച് 1/ 229/2021-വ്യവ

വ്യവസായ (എച്ച്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12-08-2022

**സർക്കുലർ**

വിഷയം:- വ്യവസായ വകുപ്പ് - വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2021-22 വർഷത്തെ ബോണസ് വിതരണം ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന:- 25.07.2022 ലെ സ.ഉ.(അച്ചടി) നം.74/2022/തൊഴിൽ നമ്പർ ഉത്തരവ്.

**********************

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് വിതരണം ചെയ്യുന്ന വിഷയത്തിൽ ഓരോ വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് വിതരണം ചെയ്തു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയത് ശരിയായ നടപടിയല്ല. വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2021-22 വർഷത്തെ ബോണസ് വിതരണം ചെയ്യുന്നത് സൂചനയിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടായിരിക്കണമെന്നും ആയത് മാനേജിംഗ് ഡയറക്ടർമാർ ഉറപ്പ് വരുത്തണമെന്നും കർശന നിർദ്ദേശം നൽകുന്നു.

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബോണസ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ യാതൊരു കാരണവശാലും പ്രസ്തുത നടപടിക്ക് പിന്നീട് സാധൂകരണം നൽകുന്നതല്ലെന്നും വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മാനേജിംഗ് ഡയറക്ടർമാർക്ക് കർശന നിർദ്ദേശം നൽകുന്നു.

എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വകുപ്പിനു കീഴിലെ എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും

സെക്രട്ടറി, റിയാബ്, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by AJITHKUMAR A**
**Date: 15-08-2022 16:50:46**

സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറി I / II യുടെ പി.എ യ്ക്ക്

വ്യവസായ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും